കേരള പോലീസ്
KERALA POLICE

# <u>അർദ്ധരാത്രിയിൽ പമ്പിൽ മോഷണം നടത്തിയ സംഘം പിടിയിൽ</u>



ചിങ്ങവനം: കോടിമതയിലെ പമ്പിൽ നിന്നും അർദ്ധരാത്രി പണം കവർന്ന രണ്ടംഗസംഘം പോലീസ് പിടിയിലായി. തോട്ടപ്പള്ളി കുന്നന്താനത്ത് , ചൂരകുറ്റിക്കൽ ജിബിനും (18) ,പ്രായപൂർത്തിയാകാത്ത കുന്നന്താനം സ്വദേശിയായ ഒരാളും ചേർന്നാണ് ഇന്നലെ പുലർച്ചെ ഒരു മണിയോടെ, KL 28 C 9460 നമ്പർ ബൈക്കിലെത്തി പണം കവർന്നത്. പമ്പിലെത്തിയ ഇരുവരും ബൈക്ക് എൻജിൻ ഓഫ് ചെയ്യാതെ, കുപ്പിയിൽ പെട്രോൾ വാങ്ങാൻ എന്ന വ്യാജേന ജീവനക്കാരന്റെ ശ്രദ്ധ തിരിച്ച് മേശയുടെ ഡ്രോയിലുള്ള പണവുമായ് ചങ്ങനാശ്ശേരി ഭാഗത്തേയ്ക്ക് കടന്നു കളയുകയായിരുന്നു. വിവരം ലഭിച്ച പോലീസ് സംഘം ഇവരെ പിന്തുടർന്നുവെങ്കിലും, തിരുവല്ലയിൽ വച്ച് ബൈക്ക് ഉപേക്ഷിച്ച് മുങ്ങുകയായിരുന്നു. പിന്നീട് ബൈക്ക് ഉടമയുമായ് ബന്ധപ്പെട്ട് നടത്തിയ അന്വേഷണത്തിൽ പ്രതികളെ കസ്റ്റഡിയിൽ എടുക്കുകയായിരുന്നു.

***ജില്ലാ പോലീസ്, കോട്ടയം***